A

# സമഗ്രശിക്ഷാ കേരളം

612

## അർധവാർഷിക മൂല്യനിർണ്ണയം 2023-2024

## മലയാളം

ക്ലാസ് : 6 | അടിസ്ഥാന പാഠാവലി | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

*സ്കൂളിലെ വീട്*

ഞങ്ങളുടെ സ്കൂളിൽ ഉയർന്ന ഒരു കളിസ്ഥലമുണ്ട്.
എന്റെ കൂട്ടുകാരികളുടെ പേരാണ് ഷീജ, സിന്ധു.
എന്നും ഞങ്ങൾ കളിസ്ഥലത്തെത്തും, കളിക്കും.
സിന്ധുവിന് ഒരാഗ്രഹമുണ്ട്. അവൾ പറയും: "എന്റെ വീട് ചെറുതാണ്.
അതുകൊണ്ട് ഈ സ്കൂളായിരുന്നെങ്കിൽ എന്റെ വീട്."

അതുപറഞ്ഞിട്ട് അവൾ ചിരിക്കും. എന്നും അവൾ ഇങ്ങനെ പറയും.
ഇതൊരു ശീലമായി മാറി. ഒരുദിവസം കഷ്ടകാലം തന്നെ,
സിന്ധു അങ്ങനെ പറഞ്ഞപ്പോൾ ഹെഡ്മാസ്റ്റർ മുന്നിൽ പ്രത്യക്ഷപ്പെട്ടു.

ഹെഡ്മാസ്റ്റർ പറഞ്ഞു: "നീ വേണമെങ്കിൽ ഇവിടെ താമസിച്ചോ."

അതുകേട്ടപാതി കേൾക്കാത്തപാതി സിന്ധു നാണിച്ച് ഒറ്റയോട്ടം!
ഞങ്ങളും പുറകേയോടി.
പിന്നൊരിക്കലും അവൾ ആ ആഗ്രഹം പറഞ്ഞില്ല.

എൻ.ജി. നയനതാര

എ) കൂട്ടുകാർ എന്നും ഒത്തുകൂടുന്നത് എവിടെയാണ്?
(പാടത്ത്, കളിസ്ഥലത്ത്, തെരുവിൽ)

ബി) താഴെപറയുന്നവയിൽ സിന്ധുവിന്റെ സ്വഭാവവുമായി യോജിക്കാത്ത പ്രസ്താവന ഏത്?
(സ്കൂളിനൊപ്പം വലുപ്പമുള്ള വീട് വേണം, കൂട്ടുകാരികളുമായി ആഗ്രഹങ്ങൾ പങ്കുവയ്ക്കും, തന്റെ ചെറിയ വീടിനെക്കുറിച്ച് അവൾ സംതൃപ്തയായിരുന്നു)

സി) 'നീ വേണമെങ്കിൽ ഇവിടെ താമസിച്ചോ' എന്ന് പറഞ്ഞതാരാണ്?
(ഷീജ, സിന്ധു, ഹെഡ്മാസ്റ്റർ)

ഡി) തന്റെ വീട് സ്കൂൾ ആയിരുന്നെങ്കിൽ എന്ന് സിന്ധു ആഗ്രഹിച്ചതിന്റെ കാരണമെന്താണ്?
(അവളുടെ വീട് ചെറുതാണ്, അവളുടെ വീട് അകലെയാണ്, വീട്ടിൽ കളിസ്ഥലമില്ലാത്തതിനാൽ)

ഇ) 'കേട്ടപാതി കേൾക്കാത്തപാതി' എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
(ഒന്നും കേൾക്കാതെ, മുഴുവനും കേൾക്കാതെ, എല്ലാം കേട്ടുകഴിഞ്ഞ്)

**പ്രവർത്തനം 2 : വിവരണം തയ്യാറാക്കുക**

'അയാൾ നടക്കുകയാണ്. . . . മലകയറി, കാടുകടന്ന്, കുന്നിറങ്ങി, വയൽ മുറിച്ച് . . . .'

മല, കാട്, കുന്ന്, വയൽ എന്നിവിടങ്ങളിലൂടെ നടന്നപ്പോൾ ഉപ്പുകൊറ്റൻ പലവിധ കാഴ്ചകൾ കണ്ടിട്ടുണ്ടാവും. നിങ്ങൾ നടത്തിയ യാത്രകളിൽ മനസ്സിൽ തങ്ങിനിൽക്കുന്ന കാഴ്ചയെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

**ബി)** "മലയജ സുരഭില മാരുതനേൽക്കും
മലയാളം! ഹാ! മാമകരാജ്യം " - ഈ വരികളെഴുതിയതാര്?
(വള്ളത്തോൾ, ബോധേശ്വരൻ, കടമ്മനിട്ട)

**പ്രവർത്തനം 3 : വിശകലനക്കുറിപ്പ്**

അരിമയിലോണപ്പാട്ടുകൾ പാടി-
പ്പെരുവഴിതാണ്ടും കേവല, രെപ്പൊഴു-
മരവയർ പട്ടിണിപെട്ടവർ, കീറി -
പ്പഴകിയ കൂറ പുതച്ചവർ ഞങ്ങൾ;

വൈലോപ്പിള്ളി - ഓണപ്പാട്ടുകാർ

കവിത വായിച്ചല്ലോ. ഓണം ഓരോ കാലത്തും ഓരോ അനുഭവമാണ് സമ്മാനിക്കുന്നത്. 'ഓണം അന്നും ഇന്നും' എന്ന പാഠഭാഗത്തിലെ ആശയവും നിങ്ങളുടെ ഓണാനുഭവങ്ങളും വിശകലനം ചെയ്യുക.

**ബി)** കർക്കിടകമാസത്തിലെ തിരുവോണത്തിന്റെ പേര് എന്താണ്?
(തിരുവോണം, പിള്ളേരോണം, കർക്കിടക ഓണം)

**പ്രവർത്തനം 4 : പ്രതികരണക്കുറിപ്പ്**

'പുഞ്ച കൊയ്തേ കളം നിറഞ്ഞേ' എന്ന പാഠത്തിൽ കൃഷിയുടെ മനോഹരക്കാഴ്ചകളാണു നമ്മൾ കണ്ടത്. 'തേങ്ങൽപ്പാടം' എന്ന കവിത വായിക്കൂ.

പാടത്ത് *മൂവന്തി വന്നുനിന്നു
മേയുന്ന പൈക്കൾ മടക്കമായി.
മാളിക കേറ്റുവാൻ സമ്മതിച്ച്
മണ്ണിട്ടു *തൂർക്കുവാൻ ഒപ്പുവച്ച്
തന്റെ ജൻമത്തിന്നൊടുവിലത്തെ
കൊയ്ത്തും മെതിയും കഴിഞ്ഞ പാടം

*മൂവന്തി - സന്ധ്യ
* തൂർക്കുക - നികത്തുക

മോഹനകൃഷ്ണൻ കാലടി - തേങ്ങൽപ്പാടം

ഈ കവിതയിൽ സൂചിപ്പിച്ചിരിക്കുന്ന സാമൂഹ്യപ്രശ്നം തിരിച്ചറിഞ്ഞ് അതിനോടുള്ള നിങ്ങളുടെ പ്രതികരണം തയ്യാറാക്കുക.

**പ്രവർത്തനം 5 : പ്രസംഗം**

"മാവേലിനാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ" - എന്നു പാടിയ കേരളീയരോടാണ്, ഉപ്പുകൊറ്റന്
"എല്ലാരും മനുഷ്യരല്ലേ ഒരേ ചോരയല്ലേ" - എന്നു ചോദിക്കേണ്ടി വന്നത്.
സമൂഹത്തിൽ ഇന്നും തുടരുന്ന ഇത്തരം വിവേചനങ്ങൾക്കെതിരെ ഒരു ലഘു പ്രസംഗം തയ്യാറാക്കുക.

**ബി)** "അങ്ങയുടെ ശബ്ദം നാറാണത്തിന്റേത് തന്നെ,
മുഖച്ഛായ പാക്കനാരുടേതും". ആരുടെ വാക്കുകളാണിത്?
(അഗ്നിഹോത്രി, ഉപ്പുകൊറ്റൻ, കുട്ടികൾ)

**പ്രവർത്തനം 6 : വർണ്ണന**

'നിറനെൻമണിയാൽ സ്വർണ്ണപ്പാടം
ഇളവെയിലേറ്റു തിളങ്ങുന്നു
പലനിറമോലും കിളികൾ പാടും
പാട്ടുകൾ നീളെ മുഴങ്ങുന്നു...'

വയൽവർണ്ണനയുടെ വരികൾ വായിച്ചല്ലോ. നിങ്ങൾ കണ്ടിട്ടുള്ള വയലിന്റെ മനോഹരദൃശ്യം വർണ്ണിക്കുക.